ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:21-11-2024**

## പ്രധാനവാർത്തകൾ

1) വിദേശപര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗയാനാ പാർലമെൻറിനെ അഭിസംബോധന ചെയ്യും.

2) മേപ്പാടി ഉരുൾപൊട്ടൽ ദുരന്തത്തെ നേരിടുന്നതിനുള്ള അടിയന്തരസഹായം കേന്ദ്രത്തിൽ നിന്നും നേടിയെടുക്കാൻ കേരളത്തിൽ നിന്നുള്ള എം.പിമാർ ഒറ്റക്കെട്ടായി നിൽക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

RNU TVPM

3) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി മന്ത്രിമാരുടെ നേതൃത്വത്തിൽ താലൂക്ക്-തല അദാലത്തുകൾ സംഘടിപ്പിക്കാൻ സംസ്ഥാന മന്ത്രിസഭായോഗത്തിൽ തീരുമാനം.

4) ഭരണഘടന വിരുദ്ധ പ്രസംഗത്തിൽ മന്ത്രി സജി ചെറിയാനെതിരെ തുടരന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി. മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷ പാർട്ടികൾ

5) സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടന്ന മൂന്ന് മണ്ഡലങ്ങളിൽ വോട്ടെണ്ണലിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു

6) കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക സ്പോർട്സ് ലീഗ് ആരംഭിക്കാനൊരുങ്ങി സംസ്ഥാന സർക്കാർ.

****************

## <u>പ്രധാനമന്ത്രി - ഗയാന</u>

വിദേശപര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗയാനാ പാർലമെൻറിനെ അഭിസംബോധന ചെയ്യും. വിദേശ പാർലമെൻറുകളെ ഏറ്റവും കൂടുതൽ തവണ അഭിസംബോധന ചെയ്ത ഇന്ത്യൻ പ്രധാനമന്ത്രിയായ ശ്രീ മോദി ഇത് 14-ആം തവണയാണ് രാജ്യത്തെ ഇത്തരത്തിൽ പ്രതിനിധീകരിക്കുന്നത്. ഗയാനയിലെ ഇന്ത്യൻ പ്രവാസി സമൂഹത്തെയും അദ്ദേഹം ഇന്ന് അഭിസംബോധന ചെയ്യും. കരീബിയൻ മേഖലയിലെ പ്രശസ്ത ക്രിക്കറ്റ് താരങ്ങളുമായും ശ്രീ മോദി സംവദിക്കും. 56 വർഷത്തിനിടെ ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഗയാന സന്ദർശിക്കുന്നത്.ഗയാനയുടെ പരമോന്നത ദേശീയ ബഹുമതിയായ ഓർഡർ ഓഫ് എക്സലൻസ്, ഗയാന പ്രസിഡന്റ് ഡോ. മുഹമ്മദ് ഇർഫാൻ അലിയിൽ നിന്ന് അദ്ദേഹം സ്വീകരിച്ചിരുന്നു. ഗയാനയിൽ ഇന്നലെ നടന്ന രണ്ടാമത് ഇന്ത്യ-കാരികോം ഉച്ചകോടിയ്ക്കും ശ്രീ മോദി സംയുക്ത അധ്യക്ഷത വഹിച്ചു. ഡൊമിനിക്കയുടെ പരമോന്നത ദേശിയ ബഹുമതിയും അദ്ദേഹം ഡൊമിനിക്കൻ പ്രസിഡൻറ് സിൽവാനി ബർട്ടനിൽ നിന്നും ഏറ്റുവാങ്ങി.

****************

## എം.പി മാർ യോഗം

മേപ്പാടി ഉരുൾപൊട്ടൽ ദുരന്തത്തെ നേരിടുന്നതിനുള്ള അടിയന്തരസഹായം കേന്ദ്രത്തിൽ നിന്നും നേടിയെടുക്കാൻ കേരളത്തിൽ നിന്നുള്ള പാർലമെൻറംഗങ്ങൾ ഒറ്റക്കെട്ടായി നിൽക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായുള്ള സംസ്ഥാനത്തെ എംപിമാരുടെ യോഗത്തിന് തിരുവനന്തപുരത്ത് അധ്യക്ഷത വഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ദുരന്തബാധിതരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനും, സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിലെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിനും ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. കേരളത്തിന് കേന്ദ്രം അനുവദിക്കുന്ന ഗ്രാൻഡ് വലിയതോതിൽ കുറയുന്നതായും, സംസ്ഥാനത്തിന് 24,000 കോടിയുടെ സ്പെഷ്യൽ പാക്കേജ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതായും മുഖ്യമന്ത്രി ആമുഖപ്രസംഗത്തിൽ പറഞ്ഞു. ധനസഹായം നൽകാത്തതിലുള്ള പ്രതിഷേധം ഗൗരവമായി പാർലമെന്റിൽ അവതരിപ്പിക്കണമെന്നും അദ്ദേഹം എംപിമാരോട് ആവശ്യപ്പെട്ടു.

****************

## മന്ത്രി സഭായോഗ തീരുമാനങ്ങൾ

പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി മന്ത്രിമാരുടെ നേതൃത്വത്തിൽ അടുത്തമാസം മുതൽ താലൂക്ക് തലത്തിൽ അദാലത്ത് സംഘടിപ്പിക്കാൻ സംസ്ഥാന മന്ത്രിസഭായോഗത്തിൽ തീരുമാനം. ഡിസംബർ, ജനുവരി മാസങ്ങളിലാണ് അദാലത്ത് സംഘടിപ്പിക്കുക. കളക്ടറേറ്റിലെയും ബന്ധപ്പെട്ട താലൂക്കിലെയും പരാതിയുമായി ബന്ധപ്പെട്ട വകുപ്പിലെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലാകും അദാലത്ത്. 2024ലെ കേരള സ്പോർട്സ് ഭേദഗതി കരട് ബില്ലിനും ഇന്ന് ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകി.

****************

RNUTVPM

## ഉപതെരഞ്ഞെടുപ്പ് (ഇൻട്രോ)

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട്, ചേലക്കര, പാലക്കാട് മണ്ഡലങ്ങളിൽ വോട്ടെണ്ണലിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. മറ്റന്നാൾ രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. രാവിലെ 9 മണിയോടെ ആദ്യ ഫലസൂചനകൾ പുറത്തുവരും. വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും ഈ മാസം 13-നായിരുന്നു വോട്ടെടുപ്പ്. പാലക്കാട് നിയമസഭാ മണ്ഡലത്തിലേക്കുള്ള വോട്ടെടുപ്പ് ഇന്നലെയാണ് നടന്നത്.

വയനാട് മണ്ഡലത്തിലെ വോട്ടെണ്ണൽ മുന്നൊരുക്കത്തിൻറെ കൂടുതൽ വിശേഷങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസെൻറ്...

(ഹോൾഡ്)

****************

RNU TVPM

## സജി ചെറിയാൻ

മന്ത്രി സജി ചെറിയാൻറെ ഭരണഘടന വിരുദ്ധ പരാമർശങ്ങൾ അടങ്ങിയ പ്രസംഗത്തിൽ ഡിജിപിയുടെ മേൽനോട്ടത്തിൽ ക്രൈംബ്രാഞ്ചിൻറെ തുടരന്വേഷണത്തിന് ഉത്തരവിട്ട് ഹൈക്കോടതി . സംഭവത്തിൽ, അന്വേഷണ ഉദ്യോഗസ്ഥൻ തിരുവല്ല കോടതിയിൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ഹൈക്കോടതി തള്ളി. സജി ചെറിയാൻറെ ശബ്ദ സാമ്പിളിന്റെയും പ്രസംഗത്തിന്റെയും ഫോറൻസിക് പരിശോധന ഫലം പുറത്തുവരുന്നതിനു മുൻപ് തന്നെ റിപ്പോർട്ട് സമർപ്പിച്ച അന്വേഷണ ഉദ്യോഗസ്ഥന്റെ നടപടിയെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജിയിലാണ് കോടതി ഉത്തരവ്. 2022 ജൂലൈ മൂന്നിന് പത്തനംതിട്ട മല്ലപ്പള്ളിയിൽ നടത്തിയ പ്രസംഗത്തെ തുടർന്ന് മന്ത്രിസ്ഥാനം രാജിവച്ച ശ്രീ സജി

ചെറിയാൻ, മജിസ്ട്രേറ്റ് കോടതി കുറ്റവിമുക്തനാക്കിയതോടെയാണ് മന്ത്രിസ്ഥാനത്ത് തിരിച്ചെത്തിയത്. തുടരന്വേഷണ ഉത്തരവിൻറെ അടിസ്ഥാനത്തിൽ രാജിവെക്കില്ലെന്നും, വിഷയത്തെ നിയമപരമായി നേരിടുമെന്നും മന്ത്രി സജി ചെറിയാൻ പ്രതികരിച്ചു. അതേസമയം മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് കോൺഗ്രസ്, മുസ്ലിം ലീഗ്, ബിജെപി തുടങ്ങിയ പ്രതിപക്ഷ പാർട്ടികൾ രംഗത്തുവന്നു.

****************

## സ്പോർട്സ് ലീഗ്

കോളേജ് വിദ്യാർത്ഥികൾക്കായി പ്രത്യേക സ്പോർട്സ് ലീഗ് ആരംഭിക്കാനൊരുങ്ങി സംസ്ഥാന സർക്കാർ. മികച്ച കായിക സംസ്കാരം വാർത്തെടുക്കുന്നതിനൊപ്പം കോളേജുകളിലെ അടിസ്ഥാനസൗകര്യ വികസനം കൂടി ലക്ഷ്യമിടുന്ന ഇത്തരമൊരു സംരംഭം രാജ്യത്ത് തന്നെ ഇതാദ്യമായാണ്. ഇതിന്റെ ഭാഗമായി എല്ലാ കോളേജുകളിലും സ്പോർട്സ് ക്ലബ് തുടങ്ങുമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ. ബിന്ദുവും, കായിക വകുപ്പ് മന്ത്രി വി.അബ്ദു റഹിമാനും സംയുക്ത വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിച്ചു. ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, കബഡി ഇനങ്ങളിലാണ് കോളേജ് ലീഗ് ആരംഭിക്കുകയെന്നും ഭാവിയിൽ കൂടുതൽ ഇനങ്ങൾ ഉൾപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു.

****************

## എ.കെ ശശീന്ദ്രൻ

മനുഷ്യ - വന്യജീവി പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി വനംവകുപ്പ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതായി മന്ത്രി എ.കെ ശശീന്ദ്രൻ. പൊതുജന പങ്കാളിത്തത്തോടെ, മിഷൻ ഫെൻസിംഗ് 2024 എന്ന പേരിൽ തീവ്രയജ്ഞ പരിപാടിക്ക് രൂപം നൽകിയതായും മന്ത്രി പറഞ്ഞു. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുന്നത് വനം വകുപ്പ് സംഘടിപ്പിക്കുന്ന

RNU TVPM

സേഫ്-ഹാബിറ്റാറ്റ് ഹാക്കത്തൺ പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

****************

**<u>രാജ്യാന്തര ചലച്ചിത്രമേള</u>**

55-ാമത് ഇന്ത്യാ രാജ്യാന്തര ചലച്ചിത്രമേള ഗോവയിൽ പുരോഗമിക്കുന്നു. 40-ലേറെ ചിത്രങ്ങളാണ് മേളയിൽ ഇന്ന് പ്രദർശിപ്പിക്കുന്നത്. ഇന്ത്യൻ പനോരമ വിഭാഗത്തിൽപ്പെട്ട ചിത്രങ്ങളുടെ പ്രദർശനത്തിനും ഔദ്യോഗിക തുടക്കമായി. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ചലച്ചിത്ര ആരാധകരുടെയും, സിനിമാ വിദ്യാർത്ഥികളുടെയും സജീവ പങ്കാളിത്തമാണ് മേളയിൽ കാണപ്പെടുന്നത്.

****************

**<u>മേഘനാഥൻ അന്തരിച്ചു</u>**

നടൻ മേഘനാദന് ജന്മനാടിൻറെ വിട. സംസ്കാരച്ചടങ്ങുകൾ ഷൊർണൂരിലെ വീട്ടുവളപ്പിൽ നടന്നു. സിനിമാ സാംസ്കാരിക മേഖലയിലെ പ്രമുഖർ അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവർ, മേഘനാദൻറെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

RNU TVPM

****************

**<u>ഗോത്രകലാരൂപം- ഇൻട്രോ</u>**

കോഴിക്കോട് സ്കൂൾ കലോത്സവത്തിൽ ഗോത്രകലാരൂപങ്ങൾ അരങ്ങിലെത്തി. കലോത്സവ മാന്വൽ പരിഷ്കരണത്തിന്റെ ഭാഗമായാണ് ഈ വർഷം പുതുതായി ഗോത്ര കലകൾ ഉൾപ്പെടുത്തിയത്.

കോഴിക്കോട് നിന്ന് ആകാശവാണി പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്...
(വോയ്സ്)

****************

## പ്രഭാഷണ പരമ്പര

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര ഞായറാഴ്ച നെയ്യാറ്റിൻകര, ആറാലുംമൂട് - പുത്തനമ്പലം എസ് എൻ ഡി പി ഹാളിൽ നടക്കും. കെ.ആൻസലൻ എംഎൽഎ ഉദ്ഘാടനം നിർവഹിക്കും. വൈകുന്നേരം 5 മണിയ്ക്ക് നടക്കുന്ന കഥയരങ്ങിൽ ചന്ദ്രമതി, വി.വി കുമാർ, ഇളവൂർ ശ്രീകുമാർ, പ്രതാപൻ തുടങ്ങിയ കഥാകൃത്തുക്കൾ പങ്കെടുക്കും. തുടർന്ന് എഴുത്തുകാരനും നടനുമായ പ്രൊഫസർ വി അലിയാർ നാടകം ജീവിതം എന്ന വിഷയത്തിൽ പ്രഭാഷണം നടത്തും.

****************

## തിരച്ചിൽ തുടരുന്നു

കണ്ണൂർ ആയിക്കരയിൽ നിന്ന് മത്സ്യബന്ധനത്തിന് പോയി കാണാതായ നാല് മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിന് തീര സംരക്ഷണ സേനയുടെ നേതൃത്വത്തിൽ തിരച്ചിൽ തുടരുന്നു. ഈമാസം പതിനേഴിനാണ് സംഘം ആയിക്കരയിൽ നിന്ന് പുറപ്പെട്ടത് . കടലിൽ കുടുങ്ങിയ ഇവരെ രക്ഷപ്പെടുത്താൻ അടിയന്തര നടപടികൾ സ്വീകരിച്ചതായി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അറിയിച്ചു.

RNUTVPM

****************

## അയ്യൻകാളി സ്കോളർഷിപ്പ്

പപട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അയ്യങ്കാളി സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അഞ്ച്, എട്ട് ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി അപേക്ഷിക്കാം. ആവശ്യമായ രേഖകൾ സഹിതം ഈ മാസം 30ന് മുമ്പ് അപേക്ഷിക്കണം.

****************

****************

*******